Draft #1 of File 167869/AC B7-2/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Dec-2021 05:53 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - സ്വയംഭരണ കോളേജുകളിൽ യു.ജി.സി അനുവദിച്ചിട്ടുള്ള ഡിപ്ലോമ പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല അനുമതിയോടെ യു.ജി.സി. മാർഗ്ഗനിർദ്ദേശമനുസരിച്ചു അതാത് കോളേജിൽ നിന്നും നൽകുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ് ടി കോളേജിലെ 2018 അഡ്മിഷൻ മുതലുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ അസ്സിസ്റ്റൻസ് പ്രോഗ്രാമിനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 6756/AC B 7/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.12.2021

---

*പരാമർശം:*-1) 15/01/2021-ലെ 2682/ACB7/2021എം.ജി.യു. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.
2) 15/06/2021-ലെ 2682/ACB7/2021എം.ജി.യു. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.
3) 25/11/2021-ലെ STCAU/766/2021 നമ്പർ കത്ത്.

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്.തെരേസാസ് കോളേജിൽ 2015-ൽ ആരംഭിച്ച യു.ജി.സി എയ്ഡഡ് പ്രോഗ്രാമാണ് ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ അസ്സിസ്റ്റൻസ്. യു.ജി.സി ധനസഹായം അവസാനിച്ച മുറയ്ക്ക് 2018 മുതൽ ടി പ്രോഗ്രാം സ്വാശ്രയ രീതിയിൽ ആണ് ടി കോളേജിൽ നടത്തിവരുന്നത്.

2021 മുതൽ പുതിയ ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി ടി കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ട്, ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇൻസ്‌പെക്ഷൻ കമ്മീഷനെ നിയമിച്ചുകൊണ്ട് പരാമർശം-1 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. NSQF പ്രോഗ്രാമുകളെ സംബന്ധിച്ച യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങളിൽ "The institution/college concerned may itself award Diploma/Certificates under its own seal and signature after written authorization from affiliating University; name of affiliating university and scheme should be mentioned on award certificate." എന്ന് രേഖപ്പെടുത്തിയത് കണക്കിലെടുത്തുകൊണ്ട് സ്വയംഭരണ കോളേജുകളിൽ യു.ജി.സി. അനുവാദത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ പ്രോഗ്രാമുകളുടെ സർട്ടിഫിക്കറ്റുകൾ സർവ്വകലാശാല അനുമതിയോടെ അതാത് കോളേജുകളിൽ നിന്നും വിതരണം ചെയ്യുന്നതിന് കോളേജുകൾക്ക് അനുമതി നൽകുന്നതിന് അന്വേഷണ കമ്മീഷൻ ശിപാർശ ചെയ്തു. ടി ശിപാർശ 24/05/2021-ലെ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം-2 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം-3 കത്ത് മുഖേന ടി കോളേജിലെ 2018 അഡ്മിഷൻ ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ അസ്സിസ്റ്റൻസ് പ്രോഗ്രാം വിദ്യാർത്ഥികളുടെ ഡിഗ്രി സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിനായി ടി കോളജ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

ടി അപേക്ഷ പരിഗണിച്ചുകൊണ്ട് 15/06/2021-ലെ 2682/ACB7/2021എം.ജി.യു. നമ്പർ ഉത്തരവ് സെന്റ്.തെരേസാസ് കോളേജിലെ 2018 അഡ്മിഷൻ മുതലുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് കെയർ അസ്സിസ്റ്റൻസ് പ്രോഗ്രാമിലെ അർഹരായ വിദ്യാർത്ഥികൾക്കും കൂടി ബാധകമാക്കുന്നതിന് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)

പകർപ്പ്

1) വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3) പ്രിൻസിപ്പൽ സെന്റ് തെരേസാസ് കോളേജ് , എറണാകുളം
4) ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
5) ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
6) അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
7) ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
8) ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ ഇ.ഐ.39 സെക്ഷൻ
9) സ്റ്റോക് ഫയൽ/ റെക്കോർഡ്സ്/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 167869/AC B7-2/2021/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 06-Dec-2021 05:53 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം